10 മദ്രസകൾക്ക് കൂടി അംഗീകാരം

കോഴിക്കോട്: കേരള സുന്നി വിദ്യാഭ്യാസ ബോർഡ് പുതുതായി അംഗീകാരത്തിന് അപേക്ഷിച്ച പത്ത് മദ്രസകൾക്കു കൂടി അംഗീകാരം നൽകി. ആലപ്പുഴ, കാസർകോട് ജില്ലയിൽ നിന്നും കർണാടക, തമിഴ്നാട്, ഗൾഫ് എന്നിവിടങ്ങളിൽ നിന്നുമുള്ള മദ്രസകൾക്കാണ് പുതുതായി അംഗീകാരം നൽകിയത്. കോഴിക്കോട് സമസ്ത സെന്ററിൽ നടന്ന സെക്രട്ടറിയേറ്റ് യോഗം വി.പി.എം.ഫൈസി വില്യാപള്ളിയുടെ അധ്യക്ഷതയിൽ ടി.അബൂഹനീഫൽ ഫൈസി തെന്നല ഉദ്ഘാടനം ചെയ്തു. പ്രൊഫ.എ.കെ.അബ്ദുൽ ഹമീദ് സ്വാഗതവും പ്രൊഫ.കെ.എം.എ.റഹിം നന്ദിയും പറഞ്ഞു.

ബിരുദാനന്തര ബിരുദ കോഴ്സുകളിൽ പ്രവേശനം

തിരുവനന്തപുരം: ഐ.എച്ച്.ആർ.ഡിയുടെ കീഴിൽ കേരള സർവകലാശാലയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള അടൂർ (04734224076), മാവേലിക്കര (04792304494, 2341020), ധനുവച്ചപുരം (04712234374), കാർത്തികപ്പള്ളി (04792485370, 8547005018), പെരിശ്ശേരി (04792456499, 8547005006) എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന അപ്ലൈഡ് സയൻസ് കോളജുകളിലേക്ക് 2025-26 അദ്ധ്യയന വർഷത്തിൽ ബിരുദാനന്തര ബിരുദ കോഴ്സുകളിലേക്ക് കോളജുകൾക്ക് നേരിട്ട് അഡ്മിഷൻ നടത്താവുന്ന 50 ശതമാനം സീറ്റുകളിൽ ഓൺലൈനായി പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷ www.ihrdadmissions.org വഴി ഓൺലൈനായി സമർപ്പിക്കണം. ഓൺലൈനായി സമർപ്പിക്കുന്ന അപേക്ഷയുടെ പ്രിന്റ് ഔട്ട്, നിർദിഷ്ട അനുബന്ധങ്ങളും രജിസ്ട്രേഷൻ ഫീസ് ഓൺലൈനായി അടച്ച വിവരങ്ങളും സഹിതം പ്രവേശനത്തിന് തിരഞ്ഞെടുക്കുന്ന കോളജിൽ അഡ്മിഷൻ സമയത്തു ഹാജരാക്കണം. വിവരങ്ങൾക്ക്: www.ihrd.ac.in

email: tvmchandrika@gmail.com

നൂതന പ്രീ സിംപ്റ്റമാറ്റിക് ചികിത്സ കേരളത്തിലും

തിരുവനന്തപുരം: ഇന്ത്യയിൽ ആദ്യമായി സ്പൈനൽ മസ്കുലാർ അട്രോഫി (എസ്.എം.എ) രോഗം ബാധിച്ച കുഞ്ഞിന് ജനിച്ച് ദിവസങ്ങൾക്കുള്ളിൽ പ്രീ സിംപ്റ്റമാറ്റിക് ചികിത്സ നൽകി കേരളം. അപൂർവ രോഗ ചികിത്സയിൽ നിർണായക ചുവടുവയ്പ്പാണിത്. അമേരിക്ക, കാനഡ തുടങ്ങിയ വികസിത രാജ്യങ്ങളിൽ എസ്.എം.എ രോഗ ചികിത്സയിൽ ഏറ്റവും ഫലപ്രദമായി വിലയിരുത്തിയിട്ടുള്ള പ്രീ സിംപ്റ്റമാറ്റിക് ചികിത്സയാണ് കേരളത്തിലും വിജയകരമായി നടത്തിയത്.

തിരുവനന്തപുരം സ്വദേശിയായ യുവതിയുടെ രണ്ടാമത്തെ കുഞ്ഞിനാണ് വിലപിടിപ്പുള്ള റിസ്ഡിപ്ലം മരുന്ന് സൗജന്യമായി നൽകി ചികിത്സ നടത്തിയത്. ജനിതകമായ വൈകല്യങ്ങളും അതിന്റെ റിസ്ക് ഫാക്ടറും നേരത്തെ തിരിച്ചറിയാൻ കഴിയാത്തതാണ് പലപ്പോഴും എസ്.എം.എ രോഗത്തിന് വെല്ലുവിളിയാകുന്നത്. എന്നാൽ പ്രീ സിംപ്റ്റമാറ്റിക് ചികിത്സയിലൂടെ ഗർഭാവസ്ഥയിലോ കുഞ്ഞ് ജനിച്ച് ദിവസങ്ങൾക്കുള്ളിലോ എസ്.എം.എ രോഗത്തിനുള്ള മരുന്നു നൽകി ചികിത്സ ആരംഭിക്കാനാകും. ഇത്തരത്തിൽ ചികിത്സ നൽകുന്നത് വഴി കുട്ടികൾ 100 ശതമാനം സാധാരണ വളർച്ച കൈവരിക്കാറുണ്ട്.

എസ്.എം.എ ബാധിച്ച തിരുവനന്തപുരം സ്വദേശിയായ മാതാവാണ് തങ്ങളുടെ ജനിക്കാൻ പോകുന്ന കുട്ടിയ്ക്കും രോഗസാധ്യത മനസിലാക്കി ആ കുഞ്ഞിനെയെങ്കിലും രക്ഷിക്കാൻ സർക്കാരിന്റെ സഹായം അഭ്യർത്ഥിച്ചത്. തുടർന്ന് തിരുവനന്തപുരം എസ്.എ.ടി ആശുപത്രിയിൽ ഗർഭാവസ്ഥയിലുള്ള കുഞ്ഞിന്റെ ഓരോ ഘട്ടവും വിദഗ്ധ സമിതി പരിശോധിച്ചാണ് ചികിത്സ ക്രോഡീകരിച്ചത്. അച്ഛനും അമ്മയും വൈകല്യം സംഭവിച്ച എസ്.എം.എ ജീൻ വാഹകരാകുമ്പോൾ അവരുടെ ഓരോ കുട്ടിയ്ക്കും ഈ രോഗം ഉണ്ടാകാനുള്ള സാധ്യത 50 ശതമാനമാണ്. ഇന്ത്യയിൽ ഓരോ 7000 കുട്ടികൾ ജനിക്കുമ്പോൾ ഒരു കുട്ടിക്ക് ഈ രോഗം കണ്ടെത്താനുള്ള സാധ്യതയുണ്ട് എന്നാണ് പഠനങ്ങൾ തെളിയിക്കുന്നത്.

കുട്ടികൾക്ക് ഇന്റർനെറ്റ് റേഡിയോയുമായി ബാലാവകാശ കമ്മിഷൻ

തിരുവനന്തപുരം: കുട്ടികൾക്കിടയിലെ മാനസിക സംഘർഷങ്ങൾ ലഘൂകരിക്കാൻ ഇന്റർനെറ്റ് റേഡിയോയുമായി ബാലാവകാശ കമ്മീഷൻ. റേഡിയോ നെല്ലിക്ക എന്ന് നാമകരണം ചെയ്ത റേഡിയയിലൂടെ കുട്ടികൾ, അധ്യാപകർ, രക്ഷാകർത്താക്കൾ, സമൂഹം എന്നിവർക്കിടയിൽ ബാലാവകാശങ്ങളുമായി ബന്ധപ്പെട്ട് അവബോധം വളർത്തുകയാണ് ലക്ഷ്യം.

ലഹരി, സൈബർ ഇടങ്ങളിലെ ചതിക്കുഴികൾ, ആത്മഹത്യ, സോഷ്യൽ മീഡിയ അഡിക്ഷൻ തുടങ്ങിയവ വർദ്ധിച്ചുവരുന്ന സാഹചര്യം പരിഗണിച്ചാണ് കമ്മീഷൻ ഇന്റർനെറ്റ് റേഡിയോ ആരംഭിച്ചത്. ലോകത്ത് എവിടെ നിന്നും 24 മണിക്കൂറും റേഡിയോ കേൾക്കാൻ സാധിക്കും. തുടക്കത്തിൽ തിങ്കൾ മുതൽ വെള്ളി വരെ നാലു മണിക്കൂർ പ്രോഗ്രാമാണ് ഉണ്ടാവുക. റൈറ്റ് ടേൺ, ഇമ്മിണി ബല്യ കാര്യം, ആകാശദൂത്, അങ്കിൾ ബോസ് എന്നിവയാണ് പ്രോഗ്രാമുകൾ.

തുടക്കത്തിൽ കേരളത്തിലെ 25 ലക്ഷം കുടുംബങ്ങളെ റേഡിയോ നെല്ലിക്ക യുടെ ശ്രോതാക്കളാക്കാനാണ് ബാലാവകാശ കമ്മിഷൻ ലക്ഷ്യമിടുന്നത്. സംസ്ഥാനത്തെ 15397 സ്കൂളുകളിലെയും വിദ്യാർത്ഥികൾ അധ്യാപകർ, പിറ്റി.എ, എസ്.പി.സി, എൻ.എസ്.എസ്, സ്കൂൾ ക്ലബുകൾ എന്നിവ വഴിയുമാകും കുട്ടികളിൽ റേഡിയോ എത്തുക.

അതുപോലെ കുടുംബശ്രീയുടെ 29202 ബാലസഭകളും വനിത ശിശുവികസന വകുപ്പിനുകീഴിലുള്ള 33120 അങ്കണവാടികളിലെ അധ്യാപകരും രക്ഷിതാക്കളും, ജില്ലകളിലെ 464 ശിശു സംരക്ഷണ സ്ഥാപനങ്ങളിലും കമ്മിഷന്റെ റേഡിയോ നെല്ലിക്ക എത്തും. കൂടാതെ 1200 ഗ്രാമ-ബ്ലോക്ക്-ജില്ല-മുനിസിപ്പൽ-കോർപ്പറേഷനുകളിലെ 21900 വാഡുകളിലും എൻ.ജി.ഒകൾ, റസിഡൻസ് അസോസിയേഷനുകൾ തുടങ്ങി സമൂഹത്തിൽ മുഴുവനായും ബാലാവകാശ സാക്ഷരത എത്തിക്കാൻ റേഡിയോയിലൂടെ കഴിയും.

ആൻഡ്രോയിഡ് ഫോണിൽ പ്ലേ സ്റ്റോറിൽ നിന്നും ഐ.ഒ.എസ്ൽ ആപ്സ്റ്റോറിൽ നിന്നും Radio Nellikka ഡൗൺലോഡ് ചെയ്യാം. കമ്പ്യൂട്ടറിൽ radionellikka.com ലൂടെയും കാറിൽ ഓക്സ് കേബിൾ ബ്ലൂടൂത്ത് എന്നിവയിലൂടെയും റേഡിയോ ശ്രവിക്കാം. കുട്ടിക്കാല ഓർമകൾ, അനുഭവങ്ങൾ, സ്കൂൾ ജീവിതം, സന്തോഷങ്ങൾ, പ്രയാസങ്ങൾ തുടങ്ങിയവ ആകാശദൂത് പരിപാടിയിലേക്ക് ഇ-മെയിലായും (radionellikka@gmail.com), വാട്ട്സാപ്പ് (9993338602) മുഖേനയും അറിയിക്കാം. ഇമ്മിണി ബല്യകാര്യം, അങ്കിൾ ബോസ് എന്നീ പരിപാടികളിലേക്ക് +91 9993338602 എന്ന മൊബൈലിലും വിളിക്കാവുന്നതാണ്.

റേഡിയോ നെല്ലിക്കയുടെ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിച്ചു. കമ്മിഷൻ ചെയർപേഴ്സൺ കെ.വി.മനോജ് കുമാർ അംഗങ്ങളായ എൻ.സുനന്ദ, ജലജമോൾ റ്റി.സി, സിസിലി ജോസഫ്, ഡോ.എ ഫ്.വിൽസൺ, കെ.കെ.ഷാജു, ബി.മോഹൻകുമാർ, സെക്രട്ടറി എച്ച് നജീവ്, സൗണ്ട് പാർക്ക് അക്കാദമി സി.ഇ.ഒ ബാലകൃഷ്ണൻ എന്നിവർ പങ്കെടുത്തു.

ജെ.ഡി.സി പരീക്ഷാഫലം

തിരുവനന്തപുരം: സംസ്ഥാന സഹകരണ യൂണിയൻ 2025 ഏപ്രിൽ മാസം നടത്തിയ ജെ.ഡി.സി പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. 2022 സ്കീമിൽ 1398 പേരും (76.98%) 2022 പ്രൈവറ്റ് സ്കീമിൽ 140 പേരും (50.36%) വിജയിച്ചു. 2015 സ്കീമിൽ 33 പേർ (39.29%) വിജയിച്ചു. പുനർമൂല്യനിർണ്ണയത്തിനുള്ള അപേക്ഷ ജൂലൈ 17 വരെ സ്വീകരിക്കും. പരീക്ഷാഫലം www.scu.kerala.gov.in ൽ ലഭ്യമാണ്.

സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിച്ചു

തിരുവനന്തപുരം: കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ള തൊഴിലാളികളുടെ മക്കൾക്ക് നൽകി വരുന്ന എസ്.എസ്.എൽ.സി സ്കോളർഷിപ്പിനുള്ള അപേക്ഷകൾ ജൂലൈ 1 മുതൽ 31 വരെ സമർപ്പിക്കാം. ഫോൺ: 0471 2329516.

ഹജ്ജ് തുക തിരികെ നൽകാൻ നടപടി സ്വീകരിക്കണം

കോഴിക്കോട്: 2025 സ്വകാര്യ ഹജ്ജ് യാത്രികരിൽ 42,507 പേരുടെ യാത്ര മുടങ്ങിയ സാഹചര്യത്തിൽ ഹജ്ജ് സേവനങ്ങൾക്കായി കേന്ദ്ര ഹജ്ജ് കമ്മിറ്റി അക്കൗണ്ടിലേക്ക് അയച്ച തുക തിരികെ നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് കേരളത്തിലെ ഹജ്ജ് ടൂർ ഓപ്പറേറ്റർമാരുടെ അംഗീകൃത കൂട്ടായ്മ ഇന്ത്യൻ ഹജ്ജ് ഉംറ ഗ്രൂപ്പ് അസോസിയേഷൻ എക്സിക്യൂട്ടീവ് യോഗം ആവശ്യപ്പെട്ടു.

കേരളത്തിലെ ഹജ്ജ് ഏജൻസികൾ തങ്ങളുടെ സംയുക്ത ഹജ്ജ് ഗ്രൂപ്പ് വഴി ഹാജിമാർക്ക് ആവശ്യമായ തുക കൃത്യസമയത്തു തന്നെ ഹജ്ജ് കമ്മിറ്റിയുടെ പ്രത്യേകം തയ്യാറാക്കിയ ലിങ്ക് വഴി എസ്ബിഐ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ 80% പേരുടെ ഹജ്ജ് മുടങ്ങിയ സാഹചര്യത്തിൽ ഈ തുക തിരികെ ആവശ്യപ്പെട്ട് തീർത്ഥാടകർ ഹജ്ജ് ഏജൻസികളെ സമീപിക്കുന്ന സാഹചര്യമുണ്ട്.

2026 ഹജ്ജിലേക്ക് അവരുടെ സീറ്റുകൾ കേന്ദ്ര ഹജ്ജ് മന്ത്രാലയം ഉറപ്പുവരുത്തിയിട്ടുണ്ടെങ്കിലും കുറഞ്ഞ ആളുകൾ തുക തിരികെ ആവശ്യപെടുന്നത് ഏജൻസികളെ പ്രതിസന്ധിയിലാക്കിട്ടുണ്ട്. അതിനാൽ ഈ ഹാജിമാർക്കായി ഹജ്ജ് കമ്മിറ്റിക്ക് നൽകിയ തുക തിരികെ ലഭിക്കുന്ന മുറയ്ക് തിരിച്ചു നൽകാമെന്ന് ഏജൻസികൾ ഉറപ്പു നൽകിയിട്ടുമുണ്ട്.

2026 ഹജ്ജിലേക്കുള്ള ഒരുക്കങ്ങൾ അടുത്ത മാസം മുതൽ ആരംഭിക്കുമെന്നും കഴിഞ്ഞ ദിവസം കേന്ദ്ര ഹജ്ജ് കമ്മിറ്റി പുറത്തിറക്കിയ വിജ്ഞാപനത്തിൽ അറിയിച്ചിട്ടുണ്ട്. യോഗത്തിൽ ചേക്കുട്ടി ഹാജി ഒറ്റപ്പാലം അധ്യക്ഷത വഹിച്ചു. പീർ മുഹമ്മദ് വിഷയാവതരണം നടത്തി. ടി. മുഹമ്മദ് ഹാരിസ്, അഹമ്മദ് ദേവർകോവിൽ എന്നിവർ പ്രസംഗിച്ചു. അസീസ് വേങ്ങര സ്വാഗതവും ബഷീർ മണ്ണാർക്കാട് നന്ദിയും പറഞ്ഞു.

എം.സി.എ കോഴ്സ്: സൂക്ഷ്മ പരിശോധന പൂർത്തിയായി

തിരുവനന്തപുരം: സംസ്ഥാനത്തെ സർക്കാർ/സ്വാശ്രയ കോളജുകളിലേക്ക് 2025-26 അധ്യയന വർഷത്തെ മാസ്റ്റർ ഓഫ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ റഗുലർ (എം.സി.എ റഗുലർ) കോഴ്സിന്റെ പ്രവേശന പരീക്ഷയുമായി ബന്ധപ്പെട്ടു സമർപ്പിച്ച അപേക്ഷകളുടെ സൂക്ഷ്മ പരിശോധന പൂർത്തിയായി.

ആവശ്യമായ തിരുത്തലുകൾ 24നു മുമ്പ് www.lbscentre.kerala.gov.in ലെ അപ്ലിക്കേഷൻ പോർട്ടൽ മുഖേന വരുത്തണം. അപേക്ഷാർത്ഥിയുടെ ലോഗിൻ പോർട്ടലിൽ ലഭ്യമായ റിമാർക്സ് പ്രകാരം ആവശ്യമായ തിരുത്തലുകൾ വരുത്തിയവർ ഇനി ചെയ്യേണ്ടതില്ല. കൂടുതൽ വിവരങ്ങൾക്ക്: 0471-2324396, 2560361, 2560327.

തകർന്ന പെൻസ്റ്റോക്ക് ഗിർഡറുകൾ പുനസ്ഥാപിച്ചു

കക്കയം ജലവൈദ്യുത പദ്ധതി പൂർണ ശേഷിയിലേക്ക്

തിരുവനന്തപുരം: കക്കയം ജലവൈദ്യുത പദ്ധതിയിലെ കനത്ത മഴയിൽ തകർന്ന പെൻസ്റ്റോക്ക് ഗിർഡറുകൾ പുനഃസ്ഥാപിച്ച് വൈദ്യുതി ഉത്പാദനം പൂർണമായി പുനരാരംഭിച്ചു. മേയ് 25-നുണ്ടായ കനത്ത മഴയിലാണ്, കൂറ്റൻ പാറക്കല്ലുകൾ പെൻസ്റ്റോക്ക് പൈപ്പിനുമേൽ വീണതിനെ തുടർന്ന് റോക്കർ സപ്പോർട്ടുകളും നാല് റിങ് ഗിർഡറുകളും തകർന്നത്. ഇതിന്റെ ഫലമായി 50 മെഗാവാട്ട് വീതം ശേഷിയുള്ള രണ്ട് ജനറേറ്ററുകൾ നിലച്ചതോടെ ഉത്പാദനത്തിൽ 100 മെഗാവാട്ട് കുറവുണ്ടായി.

അതീവ ദുഷ്കരമായ ഭൂപ്രകൃതിയും വന്യമൃഗ ശല്യവും പ്രതികൂല കാലാവസ്ഥയും ഉണ്ടായിട്ടും, ഗിർഡറുകൾ തിരികെ ഘടിപ്പിച്ച് വെൽഡിങ് ജോലികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിച്ചു. മെയ് 31ന് യുദ്ധകാല അടിസ്ഥാനത്തിൽ ആരംഭിച്ച പ്രവൃത്തികൾ 14 ദിവസത്തിനുള്ളിൽ പൂർത്തിയാക്കാൻ കഴിഞ്ഞു.

പെൻസ്റ്റോക്ക് പൈപ്പിന് സ്ഥാനചലനങ്ങൾ ഇല്ലെന്നുറപ്പാക്കിയതിനു ശേഷം ജൂൺ 14ന് ജലം നിറയ്ക്കാൻ ആരംഭിച്ചു. തുടർന്ന് മെഷീൻ നമ്പർ 6 ജൂൺ 16നും അഞ്ചാം നമ്പർ മെഷിൻ ജൂൺ 17നും ഗ്രിഡിൽ ബന്ധിപ്പിച്ചു. നിലവിൽ കക്കയം പദ്ധതിയിലെ എല്ലാ മെഷീനുകളും പൂർണ്ണ ശേഷിയിൽ പ്രവർത്തിച്ചുവരികയാണ്.

ട്രെസ്റ്റ് റിസർച്ച് പാർക്കിന് പാലക്കാട്ട് സാറ്റലൈറ്റ് കേന്ദ്രം

തിരുവനന്തപുരം: വ്യവസായ-അക്കാദമിയ സംയോജിത ഗവേഷണം പ്രോത്സാഹിപ്പിക്കാൻ ഉന്നതവിദ്യാഭ്യാസ വകുപ്പിനു കീഴിൽ സ്ഥാപിച്ച ട്രെസ്റ്റ് റിസർച്ച് പാർക്കിന് പാലക്കാട്ട് സാറ്റലൈറ്റ് കേന്ദ്രം വരുന്നു. പാലക്കാട് ഗവ. എഞ്ചിനീയറിംഗ് കോളജിൽ ആരംഭിക്കുന്ന സാറ്റലൈറ്റ് കേന്ദ്രത്തിന് ധാരണാപത്രം ഒപ്പുവെച്ചു. ട്രെസ്റ്റ് റിസർച്ച് പാർക്കും ഗവ. എഞ്ചിനീയറിംഗ് കോളജ് പാലക്കാടും തമ്മിൽ ഉന്നതവിദ്യാഭ്യാസ മന്ത്രിയുടെ സാന്നിദ്ധ്യത്തിലാണ് ധാരണാപത്രം ഒപ്പുവെച്ചത്.

സംസ്ഥാനത്തെ എഞ്ചിനീയറിംഗ് ആന്റ് സയൻസ് കോളജുകളിലും മറ്റു സാങ്കേതിക സ്ഥാപനങ്ങളിലും വ്യവസായ-അക്കാദമിയ സഹകരണത്തിനായി സാറ്റലൈറ്റ് കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമാണ് നടപടി. പാലക്കാട്ടേ തടക്കമുള്ള സാറ്റലൈറ്റ് കേന്ദ്രങ്ങൾ ഗവേഷണപ്രവർത്തനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന സ്റ്റാർട്ടപ്പുകളെ ആകർഷിക്കുകയും ക്ഷണിക്കുകയും ചെയ്യും. ട്രെസ്റ്റ് റിസർച്ച് പാർക്ക് അവയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്ന ഹബ്ബ് സെന്റർ ആയി പ്രവർത്തിക്കും. ഇൻക്യുബേറ്റഡ് സ്റ്റാർട്ടപ്പുകൾക്ക് വിദ്യാർത്ഥികൾക്ക് അവരുടെ ഇന്റേൺഷിപ്പിന്റെയും പ്രോജക്ടുകളുടെയും ഭാഗമായി ഗവേഷണപ്രശ്നങ്ങൾ നൽകാനും അതുവഴി വ്യവസായങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കാൻ അവസരം നൽകാനും ഇതുവഴി കഴിയും.

ആറളം വന്യജീവി സങ്കേതത്തെ ചിത്രശലഭ-വന്യജീവി സങ്കേതമാക്കും

തിരുവനന്തപുരം: ആറളം വന്യജീവി സങ്കേതത്തെ കേരളത്തിലെ ആദ്യത്തെ ചിത്രശലഭ- വന്യജീവി സങ്കേതമാക്കി പുനഃർനാമകരണം ചെയ്യാൻ വന്യജീവി ബോർഡ് യോഗം തീരുമാനിച്ചു. വന്യ ജീവി ട്രോഫികളുടെ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് കൈവശമുണ്ടായിരുന്നവരുടെ മരണശേഷം അവരുടെ നിയമപരമായ അനന്തരാവകാശികൾക്ക് ഇത്തരം ട്രോഫികൾ വിവിധ കാരണങ്ങളാൽ വെളിപ്പെടുത്താൻ സാധിക്കാത്ത കേസുകൾക്ക് ഒരു അവസരം കൂടി നൽകുന്നതിന് കേന്ദ്ര സർക്കാരിനോട് ശുപാർശ ചെയ്യും.

പമ്പയിൽ നിന്നും ശബരിമല സന്നിധാനം വരെ ചരക്ക് നീക്കത്തിനായി റോപ്പ് വേ നിർമ്മിക്കുന്നതിന് ആവശ്യമായ പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിക്കാനും യോഗം തീരുമാനിച്ചു. കേരളത്തിലെ വിവിധ വന്യജീവി സങ്കേതങ്ങളുടെയും നിർദ്ദിഷ്ട ഇക്കോ സെൻസിറ്റീവ് സോണുകളുടെയും പുറത്തും എന്നാൽ പത്ത് കിലോമീറ്റർ ചുറ്റളവിലുള്ളതുമായ വിവിധ സംയോജിത ഉത്പാദന ശൃംഖല, 21 കാറിക്കൾ എന്നിവ അംഗീകരിച്ചു. വയനാട് വന്യ ജീവി സങ്കേതത്തിലെ വനാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്ന 5 കമ്യൂണിറ്റി സെൻററുകളും 5 റോഡുകളും ശുപാർശ ചെയ്യാനും തീരുമാനിച്ചു.

എൽ.എൽ.ബി: റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു

തിരുവനന്തപുരം: 2025-26 അധ്യയന വർഷത്തെ ഇന്റഗ്രേറ്റഡ് പഞ്ചവത്സര എൽ.എൽ.ബി. കോഴ്സ് പ്രവേശനത്തിനുള്ള റാങ്ക് ലിസ്റ്റും അന്തിമ ഉത്തര സൂചികയും പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു.

വിശദ വിവരങ്ങൾക്ക് www.cee.kerala.gov.in വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. ഹെൽപ് ലൈൻ നമ്പർ : 0471 2332120, 2338487.

മെഴ്സി ചാൻസ് പരീക്ഷ

തിരുവനന്തപുരം: സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിൽ വിവിധ പോളിടെക്നിക് കോളജുകളിൽ 2010 റിവിഷൻ പ്രകാരം പഠനം നടത്തിയ വിദ്യാർഥികൾക്ക് സപ്ലിമെന്ററി പരീക്ഷ എഴുതുന്നതിന് മെഴ്സി ചാൻസ് വിജ്ഞാപനം പുറപ്പെടുവിച്ചു. 2010 റിവിഷൻ സ്കീമിൽ പ്രവേശനം നേടിയവരും അതിനു മുൻപ് നിലനിന്നിരുന്ന റിവിഷൻ സ്കീമുകളിൽ നിന്നും 2010 റിവിഷനിലേക്ക് മാറ്റം നേടിയവരുമായ വിദ്യാർഥികളിൽ ഇതുവരെ ഡിപ്ലോമ വിജയിച്ചിട്ടില്ലാത്തവർക്ക് മെഴ്സി ചാൻസ് പരീക്ഷ എഴുതാം. വിശദ വിവരങ്ങൾക്ക്: www.sbte.kerala.gov.in, tekerala.org.

ഇ.ഐ.സി.എൽ. ലിമിറ്റഡ്

eicl LIMITED

CIN: U26939KL1963PLC002039
രജിസ്ട്രേഡ് ഓഫീസ്: ടി.സി-79/4, വേളി, തിരുവനന്തപുരം, കേരള-695021, ഇന്ത്യ
കോർപ്പറേറ്റ് ഓഫീസ്: എട്ടാംനില, ഡി എൽ എഫ് പ്ലാസ ടവർ, ഡി എൻ എഫ് ഫേസ്-1 ഗുരുഗ്രാം-122 002, (ഹരിയാന)
Ph: +91 0124 6980840, Website: www.eicl.in; Email: sect@eicl.in

അറിയിപ്പ്

കമ്പനിയുടെ 61-ാമത് വാർഷിക പൊതുയോഗം (എജിഎം) 2025 ജൂലൈ 22 ചൊവ്വാഴ്ച രാവിലെ 11:30 ന് വീഡിയോ കോൺഫറൻസ് (വിസി)/ഒഎവിഎം വഴി നടക്കുമെന്ന് ഇതിനാൽ അറിയിപ്പ് നൽകുന്നു. 2013 ലെ കമ്പനി ആക്റ്റ് ("ആക്ട്") ലെയും അതനുസരിച്ച് നിർമ്മിച്ച ചട്ടങ്ങളിലെയും ബാധകമായ വ്യവസ്ഥകളും 2020 ഏപ്രിൽ 8 ലെ എംസിഎ സർക്കുലറും ഇതുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച തുടർന്നുള്ള സർക്കുലറുകളും 2024 സെപ്റ്റംബർ 19 ലെ ഏറ്റവും പുതിയ സർക്കുലർ നമ്പർ 09/2024 പ്രകാരമുള്ളതും അംഗങ്ങൾ ഒരു പൊതു വേദിയിൽ ഉണ്ടാകാതെ തന്നെ ഇടപാടുകൾ നടത്തുന്നതിന് ഇത് സഹായിക്കും.

എംസിഎ സർക്കുലറുകൾ അനുസരിച്ച്, കമ്പനിയുടെ വാർഷിക പൊതുയോഗ നോട്ടീസിന്റെയും 2025 മാർച്ച് 31-ന് അവസാനിച്ച സാമ്പത്തിക വർഷത്തേക്കുള്ള വാർഷിക റിപ്പോർട്ടിന്റെയും ഇലക്ട്രോണിക്/ഭൗതിക പകർപ്പുകൾ 30-06-2025 ലെ കണക്കനുസരിച്ച്, കമ്പനി / ആർടിഎ/ ഡിപ്പോസിറ്ററി പങ്കാളി(കൾ)യിൽ ഇമെയിൽ ഐഡികൾ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ അംഗങ്ങൾക്കും അയയ്ക്കും. നോട്ടീസും വാർഷിക റിപ്പോർട്ടും കമ്പനിയുടെ വെബ് സൈറ്റായ www.eicl.in ലും എൻഎസ്ഡിഎല്ലിന്റെ ഇ-വോട്ടിംഗ് വെബ്സൈറ്റായ www.evoting.nsdl.com ലും ലഭ്യമാകും.

അംഗങ്ങൾക്ക് വോട്ട് രേഖപ്പെടുത്താനുള്ള സൗകര്യം ("ഇ-വോട്ടിംഗ്") നാഷണൽ സെക്യൂരിറ്റീസ് ഡിപ്പോസിറ്ററി ലിമിറ്റഡ് (NSDL) നൽകും, അതിനുള്ള വിശദമായ നടപടിക്രമം വാർഷിക പൊതുയോഗത്തിന്റെ അറിയിപ്പിൽ നൽകും. റിമോട്ട് ഇ-വോട്ടിംഗ് കാലയളവ് 19-07-2025 (രാവിലെ 09:00) ന് ആരംഭിച്ച് 21-07-2025 (വൈകുന്നേരം 05:00) ന് അവസാനിക്കും. ഈ കാലയളവിൽ, 15-07-2025 എന്ന കട്ട്-ഓഫ് തീയതിയിൽ, ഭൗതിക രൂപത്തിലോ ഡീമെറ്റീരിയലൈസ് ചെയ്ത രൂപത്തിലോ ഓഹരികൾ കൈവശം വച്ചിരിക്കുന്ന കമ്പനി അംഗങ്ങൾക്ക് റിമോട്ട് ഇ-വോട്ടിംഗ് വഴിയോ വാർഷിക പൊതുയോഗ സമയത്ത് ഇ-വോട്ടിംഗ് വഴിയോ വോട്ട് രേഖപ്പെടുത്താം.

VC/OAVM വഴി പങ്കെടുക്കുന്ന അംഗങ്ങളെ നിയമത്തിലെ സെക്ഷൻ 103 പ്രകാരം ക്വാറം കണക്കാക്കുന്നതിന് കണക്കാക്കും. ഫിസിക്കൽ/ ഇലക്ട്രോണിക് രൂപത്തിൽ ഓഹരികൾ കൈവശം വച്ചിരിക്കുന്ന അംഗങ്ങളും അവരുടെ ഇ-മെയിൽ വിലാസങ്ങൾ കമ്പനിയിലോ അവരുടെ ബന്ധപ്പെട്ട ഡിപ്പോസിറ്ററി പങ്കാളികളിലോ രജിസ്റ്റർ ചെയ്തിട്ടില്ലാത്തവരും, 2024-25 ലെ വാർഷിക റിപ്പോർട്ട് വാർഷിക പൊതുയോഗ അറിയിപ്പിനൊപ്പം ലഭിക്കുന്നതിന് അവരുടെ ഇ-മെയിൽ വിലാസങ്ങൾ എത്രയും വേഗം രജിസ്റ്റർ ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു. കമ്പനിയുടെ RTA ആയ RCMC ഷെയർ രജിസ്ട്രി പ്രൈവറ്റ് ലിമിറ്റഡിൽ രജിസ്ട്രേഷനായി അംഗങ്ങൾ അവരുടെ ഇമെയിൽ വിലാസങ്ങളും ബാങ്ക് അക്കൗണ്ട് വിശദാംശങ്ങളും നൽകണം. രജിസ്റ്റർ ചെയ്യുന്ന പ്രക്രിയ താഴെ കൊടുത്തിരിക്കുന്നു.

1. ഫിസിക്കൽ / ഇലക്ട്രോണിക് രൂപത്തിൽ ഓഹരികൾ കൈവശം വച്ചിരിക്കുന്ന അംഗങ്ങളും അവരുടെ ഇ-മെയിൽ വിലാസങ്ങൾ കമ്പനിയിലോ അതത് ഡിപ്പോസിറ്ററി പങ്കാളികളിലോ രജിസ്റ്റർ ചെയ്തിട്ടില്ലാത്തവരും, അംഗങ്ങൾ ഒപ്പിട്ട കത്തിന്റെ സ്കാൻ ചെയ്ത പകർപ്പ്, പാൻ കാർഡിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ സ്കാൻ ചെയ്ത പകർപ്പ്, ആധാർ കാർഡ്, ഡ്രൈവിംഗ് ലൈസൻസ്, ഇലക്ഷൻ കാർഡ്, പാസ്പോർട്ട്, യൂട്ടിലിറ്റി ബിൽ അല്ലെങ്കിൽ കമ്പനിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള അംഗത്തിന്റെ വിലാസ തെളിവിനെ പിന്തുണയ്ക്കുന്ന മറ്റേതെങ്കിലും സർക്കാർ രേഖ എന്നിവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ സ്കാൻ ചെയ്ത പകർപ്പ് എന്നിവ എത്രയും വേഗം അയച്ചുകൊണ്ട് അവരുടെ ഇ-മെയിൽ വിലാസങ്ങൾ രജിസ്റ്റർ ചെയ്യാൻ അഭ്യർത്ഥിക്കുന്നു. 2024-25